# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 327

13/07/2015 ൽ
മറുപടിക്ക്

**ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം**

**ചോദ്യം :**

**ശ്രീ. കെ. രാജു**
**ശ്രീ. പി. തിലോത്തമൻ**
**ശ്രീമതി. ഇ. എസ്. ബിജിമോൾ**
**ശ്രീ. ജി. എസ്. ജയലാൽ**

(എ) സീനിയോറിറ്റിക്കു പകരം പെർഫോർമൻസ് പരിഗണിച്ച് സർക്കാർ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ഉദ്യോഗസ്ഥരുടെ മികവും കാര്യപ്രാപ്തിയും വിലയിരുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ യും (ബി) യും

പ്രധാനമായും യോഗ്യതയും കഴിവും അടിസ്ഥാനമാക്കി എന്നാൽ യോഗ്യതയും കഴിവും ഏകദേശം തുല്യമാണെങ്കിൽ മാത്രം സീനിയോറിറ്റിയും കൂടി പരിഗണിച്ച് KS&SSR നും സ്പെഷ്യൽ റൂൾസിനും അനുസൃതമായി പ്രൊമോഷൻ നൽകുന്നതാണ് നിലവിലുള്ള രീതി. സംസ്ഥാന സർക്കാർ ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനങ്ങൾ വിലയിരുത്തി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി മേലധികാരിക്ക്/ റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും, മേലധികാരി/റിവ്യൂവിംഗ് ഓഫീസർ പ്രസ്തുത റിപ്പോർട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് ജീവനക്കാർക്ക് വ്യക്തിഗത പ്രവർത്തനം വിലയിരുത്തി ഉയർന്ന സെലക്ഷൻ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത്.

(സി) വകുപ്പുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കാൻഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി) സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം, സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്ട് സ്കിൽസ് ട്രെയിനിംഗ്, ബേസിക് ആന്റ് അഡ്വാൻസ്ഡ് മാനേജ്മെന്റ് സർവ്വീസ് കോഴ്സ്, ഗുഡ്ഗവേണൻസ്, വാല്യൂസ്ഇൻ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ ട്രെയിനിംഗുകളും ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്. ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പരിപാടികൾ വിവിധ വകുപ്പുകളുടെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ നിലവിൽ കേരളത്തിലെ ജില്ലകളെ 3 മേഖലകളാക്കി തിരിച്ച് ഐ.എം.ജി യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സെന്ററുകളിൽ വെച്ച് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പരിശീലനം നൽകി വരുന്നുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനം നിർബന്ധിതമാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ